ചുററിക്കൂടസ്ഗ്ഗമിക്കുവൻ । ദക്ഷിണാന്തത്തിൽനിന്നുഞാൻ ഭൂമിടെയി
ക്ഷണാചാട്ടവന്നതരാന്തവും ॥ തത്രചെന്നുധരണിതൊടാതെ ഞാ
നാത്രപൊരുപനില്ലൊരുസംശയം । ഉദയാചലംതന്നിൽ നിന്നാദിത്യ
നദിച്ചുപൊങ്ങിപ്പൊരുന്നനെരത്ത । ഞാനംക്കുടെയനുഗമിച്ചങ്ങസാ
മാനസന്ധ്യാദ്രിതന്നിൽവരുംമുൻപിൽ । തത്രചെന്നുഞാറിനിൽക്കവ
ൻ നിണ്ണയമെത്രയെങ്കിലും യൊജനചാടിടാം ॥ ഏതുമെപിന്നെയി
ല്ലൊരുവൈഷമ്യംശതയൊജനസംഖ്യ ചാടീട്ടവാൻ । എന്തിനെറപ്പ
റയുന്നുഞാനിപ്പൊൾചിന്തിച്ചാലഹംചാട്ടുന്നനെരത്ത ॥ ആകാശചാ
രികളിലൊരുവരും സാകമെന്നൊട്ടുപൊരികയില്ലല്ലൊ । മാനസമെ
ന്റെ യൊററംതെളികയാൽ ഭാനുവംശമണിരാമജായയാം ॥ ജാന
കീദെവിയെയഹംകാണുവൻ മാനസെമമനിശ്ചയവുമുണ്ട । കപിവീ
രന്റെ വാക്കുകൾകെട്ടെവം കപിവൃദ്ധനാംജാംബവാൻചൊല്ലിനാ
ൻ॥ പരിചൊടെഭവാനുടെവാക്കിനാൽ പരിതാപങ്ങൾപൊയി ഞ
ങ്ങൾക്കിപ്പൊൾ ॥ മാരുതെഭവാൻ പൊയിവരുവൊളമൊരുപാദെന
ഞങ്ങളെല്ലാവരും । മംഗളംതവപ്രാത്ഥിച്ചുനിൽക്കുവൻ മംഗളാംഗ
സമുദ്രത്തെച്ചാട്ടുക । ഏവംജാംബവാൻ ചൊന്നൊരനന്തരം പവ്വത
ത്തിൽകെറിഹനുമാനും ॥ പാരമില്ലാതെ വാരിധികണ്ടപ്പൊൾ പാര
മുത്സാഹത്തൊടെ മനതാരിൽ । പവ്വതത്തന്നിൽ സഞ്ചരിക്കുന്നെരം
പവ്വതവുംകുലുങ്ങിത്തുടങ്ങിതെ ॥ വൃക്ഷങ്ങളും കുലുങ്ങിയതുനെരം പ
ക്ഷികളുംപറന്നുഭയപ്പെട്ടു । പുഷ്പവൃഷ്ടിയെച്ചെയ്യുന്നതു പൊലെ പു
ഷ്പങ്ങളും പൊഴിഞ്ഞുതുടങ്ങിതെ ॥ പവ്വതചാരികളാംമൃഗങ്ങളും കെ
വലംപെടിച്ചൊടിത്തുടങ്ങിതെ । വിദ്യാധരിമാരൊന്നിച്ചു സൈ്വര
മായ്വിദ്യാധരന്മാർ വാണീടുംനെരത്ത ॥ ഇളകിടിനനെരം ഗിരിവര
നിളകിയവരാകവെയന്നെരം । ക്ഷിപ്രമാകാശെ ചെന്നവർ നൊ
ക്കുന്നൊളപ്രമെയനാം വാനരവീരനെ ॥ കണ്ടുപവ്വതംതന്നിൽ പ്ര
സാദിച്ചുകൊണ്ടൽ വെണിമാരൊട്ടുമൊരുമിച്ചു । രാമകാൎയ്യത്തിന്നാ
യികപിവരൻ ഭീമകമ്മത്തെചെയ്യാൻ തുടങ്ങുന്നു ॥ ഇത്തരമവർത്ത
മ്മിൽപറഞ്ഞു കൊണ്ടാത്തമൊദം മരുവിനാരാകാശെ । വൈരിവാര
ണകുംഭവിദാരണെ ക്രൂരസിംഹനനിലസുതൻപിന്നെ ॥ തന്വംഗീ
മണിസീത തന്റെപാദമന്വെഷിപ്പാനായ് ചാരണമാൎഗ്ഗത്തിൽ । നി
ശ്ചയിച്ചുഗിരി ശിഖരന്തന്നിൽ നിശ്ചലനായിക്കെറി ഹനുമാനും ॥
ഭീമവിക്രമനുത്സാഹത്തൊട്ടുള്ളിൽ ക്രമവൃത്തമാം തന്നുടെലാംഗൂലം ।

കൂടക്കൂടെയടിച്ചുധരണിയിൽകൂടക്കൂടക്കടഞ്ഞുശരീരവും । സിംഹനാദവും ചെയ്തുതുടങ്ങിനാൻ സംഹാരകാലമെഘനാദംപൊലെ ॥ രാമഭക്തരിൽമുൻപനാംമാരുതി ഭീമസാഗരംചാടുവാനായിട്ട് । പരിഘാപൊലെയുള്ളൊരു ബാഹുക്കൾ പരിചൊടപ്പൊൾ സ്തംഭിപ്പിച്ചടിനാൻ ॥ അരയുംകുറഞ്ഞൊന്നുചുളിച്ചിട്ട് ചരണങ്ങളെസ്സംകൊചിപ്പിച്ചിട്ട് । അൎണ്ണവസമ ഗംഭീരമാനസൻ കൎണ്ണവുംതലയുംചുരുക്കിപ്പിന്നെ ॥ ദൂരാൽമാൎഗ്ഗത്തെയാലൊകയന്നായിവീരൻദൃഷ്ടിയുമൂൎദ്ധ്വമുറപ്പിച്ചു। ഹൃദയത്തുങ്കൽപ്രാണനെരൊധിച്ചു സാദരമാകാശത്തുങ്കൽ നൊക്കിട്ട് ॥ പാരംമൊദെന വാരിധിചാടുവാൻ വീരമൌലിതുടരും സമയത്ത് । വാനരന്മാരൊടൊറം പ്രസന്നനായ്യാനരൊത്തമ നെവമരുൾചെയ്തു ॥ മന്നവകുലമൌലിമണിരാമൻ തന്നുടെബാണംപൊകുന്നതുപൊലെ । ഇന്നുപൊവാം ഞാൻലങ്കാപുരംപ്രതി ചെന്നിട്ടും തത്ര കാണാഞ്ഞാൽസീതയെ ॥ ഈവെഗത്തൊടെസൎഗ്ഗത്തിലുമഹംകെവലം ചെന്നുനൊക്കുവൻ സീതയെ । കണ്ടിവാർകുഴലാളെ യവിടയും കണ്ടില്ലെന്നാകിൽ ലങ്കയെപ്രാപിച്ച് ॥ കെട്ടിദുഷ്ടനാം രാവണനെയഹം പെട്ടന്നുകൊണ്ടുപൊരുവൻ നിൎണ്ണയം । സൎവ്വഥാകൃതകാൎയ്യനായ്യൊരുവൻ ചാൎവ്വംഗീമണിയൊടുമൊരുമിച്ച് ॥ അല്ലങ്കിൽ കപിവീരരെ കെട്ടാലും ഉല്ലാസെന ഞാൻകൊണ്ടിഹ പൊരുവൻ। ശങ്കകൂടാതെ കുത്തിയെടുത്തുടൻ ലങ്കയുംരജനീചരരൊന്നിച്ച് ॥ സന്താപങ്ങൾകളഞ്ഞുമനതാരിൽ സന്തൊഷത്തൊടെവാണാലും വീരരെ । വാനരന്മാരൊടെവമുരചെയ്തു വാനരൊത്തമൻ ചാടിനാൻവെഗത്തിൽ ॥ മാനശാലീ ഹനുമാൻ മഹാബലൻ മാനസെചെറവും ചിന്തയുംകൂടാതെ । ചാടിനനെരം മാരുത നന്ദനൻചൊടെയപ്പൊൾ പറിഞ്ഞുമരങ്ങളും ॥ ബന്ധുക്കൾയാത്രപൊകുമ്പൊൾ ദൂരത്ത് ബന്ധുക്കളുന്നയാത്രചെയ്യുംപൊലെ । പിന്നാലെപൊയിരണ്ടരനാഴിക പിന്നെസ്സാഗരെ വീണതുകാണമ്പൊൾ ॥ കുറഞ്ഞൊന്നവർപിന്നാലെ പൊയിട്ടു പറഞ്ഞുകൊണ്ടു പൊരുന്നതുപൊലെ । നാനാവൎണ്ണകുസുമമണിഞ്ഞൊരു വാനരൊത്തമൻ തന്നുടെദെഹവും ॥ പലധാതുക്കൾകൊണ്ടുവിളങ്ങുന്ന ശൈലംപൊലെയും കാണായിദൂരത്ത് । വെഗത്താൽ കപിവീരൻെറപുഷ്പങ്ങൾ സാഗരന്തന്നിൽ വീണൊരുനെരത്ത് ॥ അംബരന്തന്നിൽ താരകളെപ്പൊലെ അംബുധിതന്നിൽ പുഷ്പങ്ങൾശൊഭിച്ചു । ദൂരത്തമ്മാറുകാണാം ഹനുമാനെമെരുമന്ദരം പൊകുന്നതുപൊലെ ॥ തലയഞ്ചുള്ള സൎപ്പങ്ങളെപ്പൊലെ ചാലവെ കാ

ദാനവെന്ദ്രനംതന്നുടെപുത്രിയെ മാനിച്ചെല്ലൊ ഭവാനിഹതന്നതും
വാനരന്മാർ നിരൂപിച്ചാൽതാവക മാനഹാനിക്കെല്ലതായ്വന്നീടുമൊ ॥
അന്തകൻതന്നെപ്പോരിൽജയിച്ചൊരു പങ്ക്തികണ്ഠനായീടുന്നനിന്നു
ടെ അന്തംചെയ്വാൻ മനുജനാളാകുമൊ ഹന്തരാൽഗത ചിന്തകള
ഞ്ഞാലും ॥ പൂർവ്വംദിഗ്ജയംചെയ്തു നടന്നപ്പോൾ സർവ്വക്ഷത്രിയ
വീരരെയുംഭവാൻ നിർവ്യാജംജയിച്ചില്ലയൊരാമന്റെ ഗർവ്വമവ്വണ്ണംത
ന്നെകളഞ്ഞീടാം ॥ മെഘനാദനായീടുന്നനിൻസുതനെകനല്ലയൊ
സംഗരത്തിൽപുരാ പാകശാസനൻതന്നെജ്ജയിച്ചതി വെഗാൽകൊ
ണ്ടുവന്നുബന്ധിച്ചതും ॥ പത്മസംഭവൻതന്നെഭവദീയ സത്മമാ
കുമിലങ്കയിൽവന്നൊട്ടും ഛത്മംകൂടാതെ സന്തുപാകയാ ലാത്മമൊ
ചനം പ്രാപിച്ചാനിന്ദ്രനും ॥ ഇന്നിവണ്ണംപരാക്രമിയാകുന്നൊരിന്ദ്ര
ജിത്തിനെ ത്തന്നെയയച്ചാലും എന്നാലായവൻ വാനരന്മാരൊടു
മൊന്നിച്ചങ്ങിനെ രാഘവന്മാരെയും കൊന്നുവെഗത്തിൽ താവക
സന്നിധൌ വന്നീടുംനൂനംഖെദംകളഞ്ഞാലും ॥ സാമാന്യക്കാരായു
ള്ളവരീവണ്ണം സ്വാമിയൊടുണർത്തിച്ചൊരനന്തരം താഴ്മയിൽതന്റെ
മന്ത്രിയായീടുന്ന യാമിനീചരനെവമുണർത്തിച്ചാൻ ॥ ഉരഗാദെവദാ
നവഗന്ധർവ്വ ഗരുഡാദികളാലുമെതുമെളുവാൻ നിരൂപിച്ചാൽ കഴിയാ
തിരിക്കുമ്പോൾ ഹരികളെന്തുചെയ്യും ഭവാനൊടു ॥ വായുപുത്രൻ
പ്രമത്തരാകുന്നമ്മെ മായയാപുരാവഞ്ചിച്ചിട്ടല്ലയൊ കായനാശംവ
രാതെ തിരിച്ചങ്ങു പൊയതുംരജനീചരനായക ॥ ഭൂമിയിൽകപിജാ
തികളില്ലാതെ നാമിന്നാക്കുവൻ കല്പനകിട്ടിയാൽ താമസംവിനാ ത
ന്നാലുമാജ്ഞയെ രാമജാഭയം ദൂരെക്കളഞ്ഞാലും ॥ പ്രഹസ്തനെവം
ചൊന്നതുകെട്ടപ്പോൾ സാഹസാപരത്തിക്കൊണ്ടുദുർമ്മുഖൻ ബ
ഹുരൊഷേണ രാജമുഖാനൊക്കി സ്പൃഹിയാതെ പറഞ്ഞുതുടങ്ങിനാ
ൻ ॥ ദുഷ്ടനായിട്ടൊരുകപി നമ്മുടെ പട്ടണത്തെ മുഴുവനുമിങ്ങിനെ
ചുട്ടുപൊട്ടിച്ച തൊക്കുമ്പൊൾകൊപവു മൊട്ടൊച്ചിത്തന്തന്നിൽ
ജ്വലിക്കുന്നു പൊട്ടന്നായതുകൊണ്ടിന്നവരെഞാ നൊട്ടുംവൈകാതെ
കൊന്നുവന്നീടുവൻ ॥ വജ്രദംഷ്ട്രനനന്തരംകൊപംകൊണ്ടുജ്വലിച്ചതി
ഗാംഭീര്യത്തൊടെവം ദുർജ്ജയപരിഘത്തെയെടുത്തെറ്റം ഗർജ്ജനത്തെ
യുംചെയ്തുകൊണ്ടൊതിനാൻ ॥ സുഗ്രീവാനുജന്മാരൊടൊരുമിച്ചു ജാ
ഗ്രതയൊടിരിക്കുന്നരാമനെ ഉഗ്രമായപരിഘത്തകൊണ്ടുഞാൻ നി
ഗ്രഹിച്ചിഹവന്നീടാംവെഗത്തിൽ ॥ ഉപായമൊന്നു വെറെയുംചൊ
ല്ലീടാം സപദിഭവാൻകെട്ടുകൊണ്ടീടുക കപടമാകും മാർഗ്ഗങ്ങൾകൂടാ

ഘുപതി ഗിരിയിൽ നിന്നിറങ്ങിവന്നങ്ങിനെ കരത്തന്നിൽ ധനുസ്സു
മെട്ടുത്തുകൊണ്ടരിമന്ദിരം നൊക്കിഗ്ഗമിയ്ക്കുമ്പൊൾ ॥ യുദ്ധസന്നദ്ധനാ
യിട്ടനുജനും സത്യവാനാകും സൂയ്യതനയനും ഉദ്ധതരാകും വാനരരും
ശിലാഹസ്തരായ് ദ്രുതം പിമ്പെ പുറപ്പെട്ടാർ ॥ നാനാശസ്ത്രജ്ഞനാകു
ന്ന രാഘവൻ സാനുജനായ് ധനുസ്സെടുത്തങ്ങിനെ സെനയൊടുമൊ
ത്തുത്തരദ്വാരെ ചെന്നുടനെ കൂടാതെ മൊദെനമെവിനാൻ ॥ വഹ്നി
പുത്രനായീടുന്ന നീലനും മൈന്ദനൊടും വിവിദനൊടും കൂടി സന്ന
ദ്ധനായിപ്പൂർവ്വദ്വാരെ ചെന്നു തന്നുടെബലയുക്തനായ് മെവിനാൻ॥
തെക്കെദ്വാരെ ചെന്നംഗദനുംബൃഹ്മക്കട ശ്രെഷ്ഠരൊത്തുനിന്നീടി
നാൻ ഉൽക്കടബലമൊത്തുഹനൂമാനുംവെക്കംപശ്ചിമദ്വാരെനിന്നീ
ടിനാൻ ॥ വടക്കാംപടിഞ്ഞാറമായുള്ളൊരു പടിദ്വാരങ്ങൾ രണ്ടി
ൻെറയുംനല്ല നടുക്കായ് രാവണാനുജൻ തന്നൊടും പടയ്ക്കേറ്റം മിടു
ക്കരൊടും കൂടി ॥ പാടവമെറും സുഗ്രീവനന്തദാമൊടിയൊടെ വസി
ച്ചുകൊണ്ടീടിനാൻ കൊടിസംഖ്യാജനമൊരൊവാതുക്കലൊടൽ കൂടാ
തെ കൂടിമെവീടിനാർ ॥ ഉത്തമനാകും ദാശരഥിതാനമിത്തരം സെ
നാനിശ്ചയം ചെയ്തുഥബുദ്ധിയെറും വിഭീഷണൻതൻമതം പാൎത്തിട്ടം
ഗദൻ തന്നൊടരുൾചെയ്താൻ ॥ ബാലിതൻ പ്രിയപുത്രമഹാബല
കാലം വൈകാതെ രാക്ഷസനാഥൻെറ ആലയത്തിൽ നീചെന്നവ
നൊടെൻെറ കാലയുക്തവചനത്തെച്ചൊല്ലുക ॥ രാവണനീവരംകൊ
ണ്ടുഗൎവ്വിച്ചു മെവീടുന്നവനെന്നറിയുന്നുഞാൻ ദെവാദിദ്രൊഹം ചെ
യ്തതിൻെറഫലം കെവലമിപ്പൊൾ കാട്ടിത്തന്നീടുവൻ ॥ എന്നെവ
ഞ്ചിച്ചുപത്നിയെക്കട്ടൊരു നിന്നെയിന്നൊരരക്ഷണമെങ്കിലും മന്നി
ടത്തിലിരുത്തുകയില്ലുന്നും സന്ദെഹം വിട്ടറിഞ്ഞാലുംരാവണ ॥ ഒന്നി
ലൊഭവാൻയുദ്ധത്തിന്നായിഹവന്നിടെണമതല്ലങ്കിൽസീതയെ തന്നീ
ടെണമിരണ്ടിൽവച്ചിഷ്ടമായ്തൊന്നുംകാൎയ്യത്തെ വെഗനചെയ്യാ
ലും നീതിചെത്ത്വംരാഘവനൊരൊരൊമാതിരിവാക്കരുൾചെയ്തു
ടൻ പിന്നെഭീതികൂടാതെ പൊകയന്നീവണ്ണമാദെശിച്ചപ്പൊളക്കപി
വീരനും ആദരെണരഘുപതിതൻ തിരുപ്പാദതാരിണകുപ്പിപ്പുറപ്പെ
ട്ടാൻ ശീഘ്രംരാവണ മന്ദിരെചെന്നതി വിക്രമിയാകും ബാലി
തൻനന്ദനൻ ചൊൽകൊള്ളും മന്ത്രിമാരൊത്തുഹൃഷ്ടനായ്മാക്കും രാവ
ണനൊടെവം ചൊല്ലിനാൻ ॥ വാസവസുതപുത്രനെന്നും പിന്നെ
വാസവരിലൊതാരാസുതനെന്നും കൊസലെന്ദ്രനായീടുന്നരാമൻെറ
ദാസനെന്നു മറിഞ്ഞാലുമെന്നെനീ ॥ ഇപ്രകാരം പറഞ്ഞഥരാഘവ

താനും ബാണംകൊണ്ടന്നെരം ധാവതിചെയ്യിപ്പിച്ചാൻ കപികളെ
ദെവരാജസുതൻെറ സഹജനമാവിലം വിട്ടതുകണ്ടുനെരിട്ടാൻ ॥
സുഗ്രീവൻ തടാപവൃത ത്തുംഗത്തെ ലാക്കനൊക്കിപ്പറിച്ചെറിഞ്ഞീടി
നാൻ വിക്രമിയാകും രാവണനെല്ലിടനൊടൊക്ക മാറത്തുഖണ്ഡിച്ചുത
ള്ളിനാൻ ॥ പിന്നസ്സുവൃരജനീചരെശ്വരൻ വഹ്നിതുല്യമാസ്സത്തി
ജ്വലിക്കുന്നസന്നതപർവ്വമാകുമൊരു ശരം നന്നായ്ശത്രുവിൻനെ
രെ വിട്ടീടിനാൻ ॥ അബ്ബാണംകൊണ്ടു മൊഹിച്ചു സുഗ്രീവൻ തൽ
പ്രാന്തെ പതിച്ചതുകണ്ടപ്പൊൾ ക്ഷിപ്രംവാനരർഭീതരായ് രാമൻെറ
തൃപ്പാദെചെന്നു വീണാരഖിലരും ॥ രാമനായതുകണ്ടപ്പൊൾകൊപെ
നവാമഹസ്തത്തിൽ വില്ലുമെടുത്തുടൻ യാമിനിചരനാഥ വധത്തി
നായ്ത്താമസം വിനായാത്രയ്ക്കൊരിമ്പെട്ടാൻ അതുകണ്ടതിസ്നെ
ഹെനലക്ഷ്മണനിതിരാഘവൻ തന്നൊടുണൎത്തിച്ചാൻ യുധിരാവണ
നിഗ്രഹം ചെയ്യുവാൻമതിയാകും ഞാനെന്നറിഞ്ഞീടുക ॥ അനുവാ
ദം ലഭിക്കുവാൻസാദരമനുജനഹം പ്രാൎത്ഥനചെയ്യുന്നെൻ വിനയാ
ന്വിതം ചൊല്ലുമാവാക്ക കെട്ടനുമൊദിച്ചരുൾ ചെയ്തുരാമനും ॥ യു
ദ്ധം ചെയ്വാൻ ഗമിച്ചാലുമെന്നാൽ നീയുക്തം പൊലെസകലവും
ചെയ്യണം ശത്രുച്ഛിദ്രവുമെപ്പൊഴും നൊക്കെണംഗാത്രരക്ഷയും ചെ
യ്യെണംലക്ഷ്മണ ॥ ഇത്ഥമഗ്രജവാക്യങ്ങൾ കെട്ടപ്പൊൾ ഭക്തിയൊ
ടഭിവാദ്യവും ചെയ്തുടൻ തത്രനിന്നുരണത്തിനായ്മുല്പെ യാത്രചെ
യ്താൻസുമിത്രാതനയനും ॥ രാക്ഷസെശൻ കപിബലമീവണ്ണം ശി
ക്ഷിക്കുന്നതുകണ്ടുടൻ മാരുതിപക്ഷിയെപ്പൊലെ ചെന്നതിവെഗമാര
ക്ഷൊനാഥനൊടെവമുരചെയ്താൻ ॥ വരത്താൽ നിനക്കുള്ളൊരവ
ദ്ധ്യതാനര വാനരന്മാരൊഴിഞ്ഞാകയാൽ മരിപ്പിക്കുവൻ വാമഹ
സ്തംകൊണ്ടിന്നൊരുതാഡനം ചെയ്തു ഞാനീക്ഷണം ॥ എന്നീവണ്ണം
ഹനുമാൻ പറഞ്ഞപ്പൊളെന്നാലൊന്നു നീതാഡനം ചെയ്താലും നി
ന്നുടെബലമെല്ലാമറിഞ്ഞു ഞാൻ പിന്നെ നിന്നെ ഹനിക്കുവൻവാ
നര ॥ പരിഹാസം ചെയ്തീവണ്ണം രാവണൻപറയും മൊഴികെട്ടവനും
തൊളുരിയാടനാനക്ഷകുമാരനെ സ്മരിച്ചാലെൻെറ വിക്രമമറിയുന്നീ ॥
എന്നീവണ്ണമവൻ മൊഴികെട്ടപ്പൊൾ പന്നടിച്ചൊരു കൊപെനരാ
വണൻതന്നുടെ കരാവിശിത്തരാനൊക്കിച്ചെന്നരിതനുരസ്സിൽ പ്ര
ഹരിച്ചാൻ ॥ മാരുതാത്മജൻ താനുമാതാഡനാൽ പാരംപീഡിത
നായ്വന്നെന്നാകിലും ധീരതകൊണ്ടതു സഹിച്ചുടനൊട്ടും മാന്താ
യ്ത്തന്നെ കൊപിച്ചു താഡിച്ചാൻ ॥ അടികൊണ്ടു വിറച്ചു ക്ഷ

യ്ഭൂമിയിൽ ശയിച്ചീടുന്നനിന്നെയുംഗോമായുമുതലായുള്ള ജന്തുക്കൾ സാമോദാന്തൂനം ഭക്ഷണംചെയ്യുമിട്ടും ॥ ഇത്ഥമോരോന്നരുൾചെയ്തു രാഘവനസ്ത്രവർഷം ചെയ്യപ്പോൾദശാനനൻ തേർത്തടന്തന്നിലായുധ പീഡിതഗാത്രനായ്പര മന്ധനായ്മേവിനാൻ ॥ നാഥന്തൻപാരവശ്യത്തെക്കണ്ടുടൻ സൂതനും നിജധർമ്മപ്രകാരേണ ബാധ കൂടാതതേർ ക്കിലാസ്യന്ദനം വീതസന്ദേഹം കൊണ്ടുപോയ്നിർത്തിനാൻ ॥ സാരഥിയോടുബോധമുണ്ടായപ്പോൾ പാരം കോപിച്ചുചൊന്നാൻദശാനനൻ തേരുപിന്തിരിച്ചീടുവാനെന്തൊരു കാരണമത്തുചൊൽകനീ സാരഥേ ॥ നിഷ്ഫലമായമമകീർത്തിയുംതേജസ്സും വീര്യശൌര്യാദിയും കളഞ്ഞിദ്ദിനം ദുര്യശസ്സിങ്ങുളവാക്കിശ്ശത്രുവിൻ കയ്യിൽകീർത്തിയുംനന്നായേല്പോട്ടുതല്ലൊ ॥ ഏവമാദികുപിതനായങ്ങിനെ രാവണൻ പറയുന്നതുകേട്ടപ്പോൾ ഭാവജ്ഞാനവാനാകുന്ന സൂതനും സാവധാനമുണർത്തിച്ചാനന്തരം ॥ മന്നവ ഭവാൻകേട്ടാലും സൂതന്മാരിന്നകാലത്തിലിന്നവിധമായിതന്നെ ചെയ്യേണമെന്നുള്ള ശാസ്ത്രത്തെത്തന്നെ വിശ്വസിച്ചീവണ്ണം ചെയ്യുന്നുഞാൻ ॥ പരിശ്രാന്തനായ്ദേവ ഭവാനെയും പരം ശത്രുവിൻശൌര്യാദിവർദ്ധിച്ചും ഉരുക്ഷീണംഹയങ്ങൾക്കും കാണുകയാൽതിരിച്ചേനഹം തേരന്നറിഞ്ഞാലും ॥ ഇത്ഥം സാരഥി ധർമ്മമായ്താഴ്മയോടുത്തരത്തെ കഥിക്കുന്നകേട്ടപ്പോൾ ചിത്തകോപമകന്നവൻ സൂതന്നുഹസ്തഭൂഷണമൊന്നുതകിടിനാൻ ॥ സൽക്കാരത്തോടുടൻ തന്നെരാവണനക്കാലത്തുരയ്ക്കേണ്ടതും ചൊല്ലിനാൻശീഘ്രമെന്നുടെതേർത്തടംരാഘവൻ നിൽക്കുംസ്ഥാനത്തുചെല്ക്കസാരഥേ ॥ ഭർത്താവിന്നാജ്ഞ കേട്ടപ്പോളവ്വണ്ണം ഭൃത്യനാകുന്ന സൂതനാതേർത്തടം ശത്രുതൻപുരോഭാഗത്തുകൊണ്ടുപോയ് നിർത്തിനാനതിവേഗത്തിലങ്ങിനെ ॥ രാമസന്നിധൌ കുംഭോൽഭവനാകും മാമുനിശ്രേഷ്ഠനാഗമിച്ചക്കാലം പ്രേമത്തോടിഹ സാഹായ്യംചെയ്യുവാൻ കാമിച്ചേവം കഥിച്ചുതുടങ്ങിനാൻ ॥ ഗുണസമ്പൂർണ്ണരാമ ഭവാനിഹ ക്ഷണത്തിൽജയം പ്രാപിപ്പതിന്നായിപ്രണയത്താൽ ശ്രാവിപ്പിച്ചീടുംമന്ത്രം ഗുണഗുഹ്യംയശസ്കരം പാവനം ॥ ആദിത്യഹൃദയാഖ്യം സുപുഷ്കലം പാതകഹരമായുർവ്വിവർദ്ധനം ചേതസിതവശോകമോഹാദികളെതുമുണ്ടാകയില്ലിതറിഞ്ഞെന്നാൽ ॥ ഭക്ത്യാമൂന്നുപ്രാവിശ്യമീമന്ത്രംനീ മാർത്താണ്ഡധ്യാനം ചെയ്തുജപിച്ചെന്നാൽ യുദ്ധേശത്രുജയംലഭിച്ചുത്തമകീർത്തിയെബ്ഭവാൻപ്രാപിക്കുംനിർണ്ണയം ॥ എന്നുരചെയ്തുഗസ്ത്യനാമന്ത്രത്തെ നന്നായ്രാമന്നുപദേശിച്ചഞ്ജസാ പി

കൻരാമനെന്നിങ്ങിനെ പരിഹാസമാസ്യൂഢ ജനമൊക്കെപ്പറഞ്ഞിട്ടു
മെന്നൊൎത്തിന്നുപെക്ഷിച്ചെൻ ॥ ജനകാത്മജാ വഹ്നിപ്രവെശംകണ്ടു
നങ്ങാതെഞാനത്രവസിച്ചതും ജനങ്ങൾക്കിന്നഖിലക്കും വിശ്വാസം
മനതാരിൽഭവിപ്പാനെന്നൊൎത്താലും ॥ എന്നരുൾചെയ്യാസ്സീതയെ
സ്വീകരിച്ചന്യൂനാനന്ദംപ്രാപിച്ചരാമനും വഹ്നിയുമന്തൎദ്ധാനത്തെ
ച്ചെയ്യുടൻതന്റെ പൂൎവ്വസ്ഥാനത്തെപ്രാപിച്ചാൻ ॥ രാമവാക്കുകളി
വണ്ണംകെട്ടുടൻ വാമദെവനരുൾചെയ്തുഹൃഷ്ടനായ്കൊമളാകൃതെദി
ഷ്ട്യാവനീലൊകധൂമകെതുവിൻനിഗ്രഹംചെയ്തതും ॥ പാവകപവ
നാദികളാകുമിദ്ദെവകൾക്കെന്നുവെണ്ട സകലൎക്കുംരാവണനൎതൻകൽ
നിന്നുള്ളഭീതിയെനീവഴിപൊലെതീൎത്തല്ലൊരാഘവ ॥ ഇനിനീപൊ
യ്ഭരതനെയുംഭ്രാതം വനവാസത്താൽ ക്ലെശിച്ചുമെവുന്നജനനീയാകും
കൌസല്യതന്നെയുംവിനയത്തൊടപരാംബമാരെയും ॥ ആശ്വസി
പ്പിച്ചഭിഷിക്തനായിന്നെ വിശ്വവാസികൾക്കാനന്ദമുണ്ടാക്കി അശ്വ
മെധാദിയജ്ഞങ്ങളെയും ചെയ്തിശ്ശരീരത്തെശ്ശീഘ്രം ത്യജിച്ചാലും ॥
രാഘവനിന്നാൽ താരിതനായ്യൂരാനാകലൊകം ഗമിച്ചൊരുതാതനും
ശ്രീകലന്നവിമാനെ കരെറിക്കൊണ്ടാഗമിച്ചിതാ നിൽപ്പതുംകാഴ്
കനീ ॥ നരജന്മത്തിൽതാതനൊടൊത്തൊരു ഗുരുവില്ലതുകൊണ്ടു
നീ വൈഗെന ഉരുഭക്ത്യാസഹജനൊടുംകൂടിപ്പരിചൊടഭിവാദനം
ചെയ്താലും ॥ രുദ്രദെവനിവണ്ണം പറഞ്ഞപ്പൊൾ ഭദ്രമാകും വിമാ
നെവസിക്കുന്ന ഗാത്രമുണ്ടാക്കിത്തന്നപിതാവിനെ ച്ചിൎത്തഭക്ത്യാന
മിച്ചാരിരുവരും ॥ മക്കൾവീണുനമസ്കരിച്ചങ്ങിനെ കാക്കൽതന്നെ
കിടപ്പതുകണ്ടപ്പൊൾ ശീഘ്രം ചെന്നെടുത്തങ്കത്തിൽ വച്ചുകൊണ്ടു
കുമാരകന്മാരെദ്ദശരഥൻ ॥ ഗാത്രത്തൊടണച്ചാലിംഗനം ചെയ്താമ
സ്തകംതന്നിലാനന്ദബാഷ്പത്തെഎത്രയും പ്രവഹിപ്പിച്ചുവക്കൊറംസ്വ
സ്തിവാദവുംചെയ്യവാ ചൊല്ലിനാൻ ॥ സ്വൎഗ്ഗംപ്രാപിച്ചസൎവ്വജന
ത്താലും സൽകൃതനായ്ഭവിച്ചിട്ടും രാഘവത്വൽഗാത്രസ്പൎശം കിട്ടായ്ക
യാൽ പരം ദുഃഖന്തന്നെയിനിക്കെന്നറിഞ്ഞാലും ॥ പുരാനിന്നെവ
നത്തിന്നയയ്ക്കുവാൻ വരയാചനാത്രപെണ്ണാ കൈകെയീഉരചെയ്തവാ
ക്കിപ്പൊഴുമെൻഹൃദി ശരംപൊലെതാച്ചുകിടക്കുന്നു ॥ കുശലത്തൊ
ടെനിങ്ങളെക്കണ്ടിപ്പൊൾ സ്വശരീരത്തിൽ ചെത്തുതഴകയാൽവി
ശൊകതത്വത്തെപ്രാപിച്ചുഞാനൊറാം സുശല്യം നീങ്ങിസ്സന്തുഷ്ടനായ്പ
ന്നെൻ ॥ നിന്നുടെവിയൊഗാഗ്നികൊണ്ടെത്രയും ഖിന്നചിത്തയായ്യ്മെ
വുന്നമാതാവും ഇന്നയൊദ്ധ്യയിൽചെന്നു നീകാണുമ്പൊളന്യൂനാന

## ശുദ്ധപത്രം.

| ഭാഗം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| ൫ | ൧ | ഗ്ഗുഹാതന്നിൽ | ഗ്ഗുഹതന്നിൽ |
| ടി | ൫ | ഭജ്ഞിക്ക | ഭഞ്ജിക്ക |
| ടി | ൧൦ | സൃഷ്ടാവാം | സ്രഷ്ടാവാം |
| ടി | ൨൯ | സഹസ്രാവൎത്തി | സഹസ്രാവൃത്തി |
| ൧൨ | ൧൫ | ചാരുത്രപൻ | യ് ചാരുത്രപൻ |
| ൧൫ | ൧൫ | ലജ്ജനാനന്ദനൻ | ലഞ്ജനാനന്ദനൻ |
| ൧൬ | ൧൩ | ഉഫുല്ലേന്ദിവര | ഉഫുല്ലേന്ദീവര |
| ൧൮ | ൧൧ | നിറമായ്പ്പായപൊലെ | നിറമായിപ്പായപൊലെ |
| ടി | ൨൨ | മൂണൻപശനായി | മൂണൻവശനായി |
| ൧൯ | ൧൮ | ലങ്കയൽ | ലങ്കയിൽ |
| ൨൧ | ൨൬ | ഗദാബ്ജധരനായ് | ഗദാബ്ജധരനായി |
| ൨൩ | ൧൧ | യൊട്ടക്കിത്ത | യൊട്ടക്കത്ത |
| ടി | ൧൨ | ആശപസപ്പിക്കുവനാഹം | ആശപസിപ്പിക്കുവനാഹം |
| ൨൪ | ൨൭ | രൊഹണിയും | രൊഹിണിയും |
| ൨൫ | ൨൩ | അമ്പൊടെ | അയ്മ്പൊടെ |
| ൨൭ | ൨൨ | കഥമുണ്ടായിയന്നതും | കഥമുണ്ടായിയെന്നതും |
| ൨൮ | ൪ | വ്യഗ്രനാ ശ്യമൂകെ | വ്യഗ്രനായൃശ്യമൂകെ |
| ൨൯ | ൬ | കുശലിയന്നാകിലൊ | കുശലിയെന്നാകിലൊ |
| ടി | ൭ | ക്രുദ്ധനായിഭൂമിയിൽ | ക്രുദ്ധനായ്ഭൂമിയിൽ |
| ടി | ൧൦ | മന്നപധീശൻ | മന്നവാധീശൻ |
| ടി | ൧൮ | രാവണനെകൊന്ന | രാവണനെക്കൊന്നു |
| ടി | ൨൩ | പ്രീതിയക്കലുണ്ടെ | പ്രീതിയെക്കലുണ്ടെ |
| ൩൦ | ൧൨ | രാമനയെന്നു | രാമനായെന്നു |
| ടി | ൨൬ | വാനരനാകവെ | വാനരതാകവെ |
| ൩൧ | ൭ | സാദരമെന്ന | സാദരമെന്നെ |
| ടി | ൧൭ | ഖിന്നയായെന്ന | ഖിന്നയായെന്നെ |
| ൩൩ | ൨൦ | ചെല്ലമ്പൊളത്തെ | ചെല്ലുവൊളത്തെ |
| ൩൫ | ൧൨ | മമ്പൊടെ | മയ്മ്പൊടെ |
| ൩൭ | ൭ | മമ്പൊടെ | മയ്മ്പൊടെ |
| ൩൮ | ൨൩ | കൊണ്ടവനെക്കല | കൊണ്ടവരെക്കല |
| ൪൬ | ൭ | നിശാചരൻ | നിശാചരർ |
| ൪൯ | ൨൧ | ബലശാലക്കു | ബലശാലിക്കു |
| ൫൩ | ൫ | ദെവിശിഖാമണെ | ദെവശിഖാമണെ |
| ൫൬ | ൧ | സുസ്മതെ | സുസ്മിതെ |
| ൫൭ | ൩൨ | സൌഖ്യാനിദെഹിമെ | സൌഖ്യംനിദെഹിമെ |
| ൬൩ | ൧ | പരിഘാദികളെ | പരിഖാദികളെ |

| ഭാഗം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| ൫൩ | ൩൨ | ഭങ്കരംതത്രുഗ്ഗുഢമയ് | ഭയങ്കരംതത്രുഗ്ഗുഢമായ് |
| ൫൭ | ൨൯ | പഷ്ഠെകരയെറി | പൃഷ്ഠെകരയെറി |
| ൫൯ | ൧൮ | പാപ.ിമാനെന്നവൾ | പാഹ.മാമെന്നവൾ |
| ൬൧ | ൧൦ | സന്തുപാറകയാ | സന്ധുപാറകയാ |
| ൬൭ | ൨൭ | ടൊത്തിരക്കു | ടൊത്തിരിക്കു |
| ൯൭ | ൫ | ക്കീശനൊടൊതി.നാൻ | ക്കീശനൊടൊതിനാൾ |
| ൯൮ | ൩൨ | നിഷ്ഠ്ര | നിഷ്ഠുര |
| ൧൦൧ | ൩൨ | വാസ്വരിലൊ | വാസവരിപൊ |
| ൧൦൭ | ൧൯ | തത്സമിപത്തിൽ | നത്സമീപത്തിൽ |
| ൧൧൨ | ൬ | സുഗ്രവൻ | സുഗ്രീവൻ |
| ടി | ൨൩ | വദ്ധ്യതാ | വദ്ധ്യത |
| ൧൧൭ | ൧൬ | നായിനിന്നാൻ | നായ്നിന്നാൻ |
| ടി | ൧൯ | വഷ്ടത്ത | വഷ്ടത്ത |
| ൧൧൫ | ൧൨ | പണ്ടനരണ്യനും | പണ്ടനാരണ്യനും |
| ൧൧൬ | ൧൮ | ജൃംഭണവു | ജൃംഭണവും |
| ൧൧൮ | ൧൫ | കപാദിച്ചെറാം | ഖാദിച്ചെറാം |
| ൧൨൨ | ൨൮ | ഫാലനായയ്നിന്നാ | ഫാലനായ്നിന്നാ |
| ൧൨൬ | ൨൯ | സംഞ്ജാതി | സംജ്ഞാതി |
| ൧൨൯ | ൨൧ | ചൊതിച്ചതൊറ്റു | ചൊദിച്ചതെറ്റു |
| ൧൩൩ | ൩൩ | ദുരാചര | ദുരാചാര |
| ൧൪൧ | ൩൧ | കമ്മങ്ങിളവണ്ണം | കമ്മങ്ങൾ്ദീവണ്ണം |
| ൧൪൨ | ൨൭ | ഞങ്ങൾക്കമെന്നു | ഞങ്ങൾക്കുമിന്നു |
| ൧൪൩ | ൧൦ | ബാലാക | ബാലക |
| ൧൫൦ | ൧൦ | നന്ദനൊടൊ | നന്ദനനൊടൊ |

